**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 92** **01-02-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന സ്കൂൾ കലോത്സവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിന്റെ സാംസ്കാരിക സമ്പന്നതയ്ക്ക് തിളക്കം കൂട്ടാൻ കഴിയുംവിധം സംസ്ഥാന സ്കൂൾ കലോത്സവം സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. കേരളത്തിന്റെ സാംസ്കാരിക സമ്പന്നത വിളിച്ചോതുന്ന തരത്തിൽ തന്നെയാണ് സംസ്ഥാന സ്കൂൾ കലോത്സവങ്ങൾ നടത്തിവരുന്നത്. അപ്രകാരം സാംസ്കാരിക സമ്പന്നത ഉയർത്തിപ്പിടിക്കുന്ന തരത്തിൽ തന്നെയാണ് 62-ാമത് സംസ്ഥാന സ്കൂൾ കലോത്സവവും സംഘടിപ്പിച്ചത്. വ്യത്യസ്ത മത്സര ഇനങ്ങൾ 24 വേദികളിലായി 5 ദിവസം നീണ്ടുനിന്ന ഈ കലാമേളയിൽ അരങ്ങേറിയിരുന്നു. |
| (ബി) | കലോത്സവത്തിൽ പൂർണ്ണമായും ഹരിത പ്രോട്ടോകോൾ പാലിക്കാൻ കഴിഞ്ഞിട്ടുണ്ടോ; അതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | ഉണ്ട്.ഹരിത പ്രോട്ടോക്കോൾ പൂർണ്ണമായും പാലിച്ചുകൊണ്ടാണ് 62-ാമത് കേരള സ്കൂൾ കലോത്സവം സംഘടിപ്പിച്ചത്. ഹരിത പ്രോട്ടോക്കോൾ പാലിക്കുന്നതിനായി വ്യത്യസ്തങ്ങളായ പ്രവർത്തന പരിപാടികളാണ് ശുചിത്വമിഷന്റെയും, കൊല്ലം ജില്ലാ കോർപ്പറേഷന്റെയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചത്. |
| (സി) | നാനാത്വത്തിൽ ഏകത്വം പരിരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനുമുള്ള വേദിയായി കലോത്സവത്തെ മാറ്റാൻ സർക്കാർ ബോധപൂർവമായ ശ്രമം നടത്തുമോ; | (സി) | സംസ്ഥാന സ്കൂൾ കലോത്സവങ്ങൾ നാനാത്വത്തിൽ ഏകത്വത്തിന്റെ പ്രകടമായ അവതരണ വേദികളാണ്.ദൃശ്യ-ശ്രവ്യ രൂപങ്ങളിലായി വിവിധ കാലങ്ങളേയും ദേശങ്ങളേയും അടയാളപ്പെടുത്തുന്ന വിഭിന്ന കലാരൂപങ്ങൾ കൊണ്ട് സമ്പന്നമാണ് സംസ്ഥാന സ്കൂൾ കലോത്സവങ്ങൾ. വിവിധകാലങ്ങളിലും ദേശങ്ങളിലുമായി വ്യത്യസ്ത മനുഷ്യ സമുദായങ്ങളിലുയിർക്കൊണ്ട വിഭിന്ന കലാരൂപങ്ങൾ നമ്മുടെ മഹത്തായ കലാപാരമ്പര്യത്തെയാണ് വിളിച്ചോതുന്നത്. പ്രദേശികമായും ജാതീയമായും മതാത്മകമായും വർഗീയമായും മറ്റും വേർതിരിക്കപ്പെട്ട ഒരു സമൂഹം കലാവിഷ്കരണത്തിലൂടെ ഏകീകരിക്കപ്പെട്ടതിന്റെ ചരിത്രമാണ് സാംസ്കാരിക കേരളത്തിനുള്ളത്. ആയതിനാൽ തന്നെ നാനാത്വത്തിൽ ഏകത്വം പരിരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനുമുള്ള |

| | | | |
|---|---|---|---|
| | | | വേദിയായി കലോത്സവത്തെ മാറ്റുന്ന പ്രവർത്തനങ്ങളാണ് സർക്കാരിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകുന്നത്. |
| (ഡി) | അടുത്തവർഷം മുതൽ ഗോത്രകലകളെ കലോത്സവ മത്സര ഇനങ്ങളിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കുമോ? | (ഡി) | കലോത്സവ മാന്വൽ സമഗ്രമായി പരിഷ്കരിക്കുന്നതിന് തത്വത്തിൽ തീരുമാനിക്കുകയും പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം മാന്വൽ പരിഷ്ക്കരിക്കുന്ന വേളയിൽ ഗോത്രകലകളെ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. ഇതിന്റെ തുടക്കം എന്ന നിലയിൽ ഈ വർഷം നടന്ന സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ ഉദ്ഘാടന ചടങ്ങിൽ കാസർഗോഡ് ഗവൺമെന്റ് മോഡൽ റെസിഡൻഷ്യൽ സ്കൂളിലെ വിദ്യാർത്ഥിനികൾ ഗോത്രകലയായ മംഗലംകളി അവതരിപ്പിക്കുകയുണ്ടായി . |

സെക്ഷൻ ഓഫീസർ